## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5276 1/07/2014-ൽ മറുപടിക്ക്

# ശബരിഗിരി പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ശബരിഗിരി പദ്ധതിയുടെ നവീകരണപ്രവർത്തനങ്ങൾ ഏതു വരെയായെന്ന് വ്യക്തമാക്കുമോ; ഇതിനു വേണ്ടി വൈദ്യുതി ബോർഡ് എന്തു തുകയാണ് വകയിരുത്തിയത്; അതിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; | (എ) ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ആറു യൂണിറ്റുകളുടെയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഉല്പാദനം പുനരാരംഭിച്ചു കഴിഞ്ഞു.<br>ഇതിനു വേണ്ടി വൈദ്യുതി ബോർഡ് 01.09.2000 ൽ 112 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 99.44 കോടി രൂപ ചെലവഴിച്ചു. |
| (ബി) ഏതു കമ്പനിക്കാണ് നവീകരണ ജോലികൾക്കായുള്ള കരാർ നൽകിയതെന്ന് വ്യക്തമാക്കുമോ; | (ബി) "വി.എ.ടെക് ഹൈഡ്രോ ആസ്ട്രിയ" എന്ന കമ്പനിക്കാണ് കരാർ നൽകിയത്. |
| (സി) 'ഭെൽ' പോലെ രാജ്യാന്തര നിലവാരമുള്ള ഇന്ത്യൻ കമ്പനികൾക്ക് കരാർ നൽകാതെ ഓസ്ട്രേലിയയിലെ വി. എ. ടെക് കമ്പനിക്ക് കരാർ നൽകിയതാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾക്ക് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) ബി.എച്ച്.ഇ.എൽ (ഭെൽ) ടെണ്ടറിൽ ക്വാട്ട് ചെയ്ത തുക 106.69 കോടിയും, വി.എ. ടെക് ഹൈഡ്രോ ആസ്ട്രിയ എന്ന കമ്പനി ക്വാട്ട് ചെയ്ത തുക 94.66 കോടി രൂപയും ആയിരുന്നു. അതായത്, വി.എ.ടെക് ഹൈഡ്രോ ആസ്ട്രിയ ക്വാട്ട് ചെയ്ത തുക ഭെൽ ക്വാട്ട് ചെയ്ത തുകയേക്കാൾ 12 കോടി രൂപ കുറവായിരുന്നു. ബോർഡ് തലത്തിൽ നടന്ന ചർച്ചയിൽ വി.എ. ടെക് ഹൈഡ്രോ ആസ്ട്രിയ 2 ലക്ഷം രൂപ കൂടി കുറച്ചു. വി.എ ടെകിന്റെ കോൺട്രാക്റ്റ് തുക 94.64 കോടി രൂപയായി കുറഞ്ഞു. ടെണ്ടറിൽ, കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനിക്ക് കരാർ നൽകിയിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നിലവിലുള്ള നിയമങ്ങൾ അനുസരിച്ചാണ് ശബരിഗിരി ജലവൈദ്യുത |

(....2)

പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായുള്ള കരാർ, ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത വി.എ.ടെക് ഹൈഡ്രോ ആസ്ട്രിയ എന്ന കമ്പനിയ്ക്ക് നൽകിയത്. ഇതിൽ ചട്ടലംഘനം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

| | |
|---|---|
| (ഡി) എങ്കിൽ ഇതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് അറിയിക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ